# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **436** — 16-05-2017 ൽ മറുപടിയ്ക്ക്

# സാഗർമാല പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. വിൻസെന്റ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. അൻവർ സാദത്ത് | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. ഹൈബി ഈഡൻ | : | |
| ശ്രീ. പി. ടി. തോമസ് | : | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെല്ലാം പ്രവൃത്തികളാണ് കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്ത ണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ; | (എ) | 496 കോടി രൂപ ചെലവിൽ അഴീക്കൽ തുറമുഖ വികസനം, 18.50 കോടി രൂപ ചെലവിൽ കൊല്ലം തുറമുഖത്ത് ഒരു പാസഞ്ചർ ടെർമിനലിന്റെ (മൾട്ടി പർപ്പസ് ബർത്ത്) നിർമ്മാണം എന്നീ പ്രൊപ്പോസലുകൾ സാഗർമാലയിൽ ഉൾപ്പെടുത്തു ന്നതിനായി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, തീരദേശത്തെ ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് കോസ്റ്റൽ കമ്മ്യൂണിറ്റി ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തിനോടടുത്ത് കിടക്കുന്ന 20 വാർഡുകളെ ഉൾപ്പെടുത്തി തയ്യാറാക്കിയ ശുപാർശയും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇനി ഏതെല്ലാം പ്രവൃത്തിക ളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രത്തിന് സമർപ്പിക്കാനു ള്ളതെന്ന് വെളിപ്പെടുത്തുമോ ; | (ബി) യും (സി) യും | ബേപ്പൂർ തുറമുഖത്ത് വാർഫിന്റെ നിർമ്മാണം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം, അഴീക്കൽ, വിഴിഞ്ഞം, പൊന്നാനി തുറമുഖങ്ങളിലേക്കുള്ള റെയിൽ കണക്ടിവിറ്റി എന്നീ പ്രൊപ്പോസലുകൾ സാഗർമാലയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇവ എന്നത്തേക്ക് സമർപ്പി ക്കാനാകുമെന്ന് വ്യക്തമാ ക്കുമോ ? | | |

സെക്ഷൻ ഓഫീസർ